**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4421** **01-07-2024 - ൽ മറുപടിയ്ക്ക്**

**അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ എത്ര പ്ലോട്ടുകൾ ഒഴിവുണ്ടെന്ന് വിശദമാക്കാമോ; | (എ) | പ്ലോട്ടുകൾ ഒഴിവില്ല. |
| (ബി) | പ്രസ്തുത എസ്റ്റേറ്റിൽ മലിനീകരണ നിയന്ത്രണ പ്ലാന്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം അനുവദിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ; | (ബി) | അരൂർ വ്യവസായ വികസന ഏരിയയിൽ കോമൺ എഫ്ലുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് (CETP) സ്ഥാപിക്കുന്നതിലേയ്ക്കായി അരൂർ വ്യവസായ വികസന ഏരിയയിൽ മെ. ജിസ് ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡിന് അനുവദിച്ചിരുന്ന 185 സെന്റ് സ്ഥലത്തിൽ ഉപയോഗിക്കാതെ കിടന്നിരുന്ന സർവ്വേ നമ്പർ 411/1-എ7-12, 411/1-എ, 411/2, 411/3- ൽ (Plot No. 27A) ഉൾപ്പെട്ട 100 സെന്റ് സ്ഥലം തിരിച്ചെടുത്തിരുന്നു. എന്നാൽ പ്രസ്തുത സ്ഥലം തിരിച്ചെടുത്ത നടപടിക്കെതിരെ മെ. ജിസ് ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ് കേസ് ഫയൽ ചെയ്യുകയും പ്രസ്തുത കേസിലെ 22/06/2023 ലെ വിധി തീർപ്പാക്കിക്കൊണ്ട് പ്രസ്തുത ഭൂമി തിരിച്ചെടുത്തിട്ടുണ്ട്. CETP സ്ഥാപിക്കുന്നതിന് DPR തയ്യാറാക്കുന്ന പ്രവൃത്തി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. സ്ഥാപനം ഫയൽ ചെയ്ത CMA No. 1 of 2024 And I.A. Nos 1 and 2 of 2024 in WP(C)No. 29163 of 2021 കേസിലെ 26/02/2024 ലെ ബഹു. കോടതിയുടെ ഇടക്കാല ഉത്തരവിൽ സ്ഥലം തിരിച്ചെടുത്ത നടപടി 18-01-2024 തീയതി മുതൽ 6 മാസത്തേക്ക് സ്റ്റേ ചെയ്തിട്ടുണ്ട്. |
| (സി) | എസ്റ്റേറ്റിൽ പോലീസ് സ്റ്റേഷൻ, ഫയർ സ്റ്റേഷൻ എന്നിവ സ്ഥാപിക്കുന്നതിന് വേണ്ടി സ്ഥലം നീക്കിവച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ; | (സി) | അരൂർ വ്യവസായ എസ്റ്റേറ്റിൽ പ്ലോട്ട് നമ്പർ 78 ൽ 24.03 സെന്റ് സ്ഥലം ഫയർ സ്റ്റേഷന് അനുവദിക്കുകയും നിലവിൽ ഫയർ സ്റ്റേഷൻ പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. പോലീസ് സ്റ്റേഷന് ഭൂമി അനുവദിച്ചിട്ടില്ല. |
| (ഡി) | ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ആകെ ഉള്ള ഭൂമി എത്രയെന്നും എത്ര വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും വിശദമാക്കാമോ? | (ഡി) | അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ 62.9 ഏക്കർ ഭൂമി ഉണ്ട്. അതിൽ 94 വ്യവസായ സംരംഭങ്ങൾ പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ